**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **04-03-2025 - ൽ മറുപടിയ്ക്ക്**

**കൊടുവായൂർ ബൈപാസ് കിഫ്ബി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ ബൈപാസ് റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കൊടുവായൂർ ബൈപ്പാസ് നിർമ്മാണം 27.09.2016 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.1324/PWD/2016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി RBDCKയെ നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം RBDCK വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്ക് ശേഷം 09.11.2018 ൽ 38.20 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും ഇറിഗേഷൻ കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് 13.06.2017 ൽ RBDCK യിൽ നിന്നും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി ലഭ്യമായത്. ആയതിനാൽ RBDCKയിൽ നിന്നും പുതുക്കിയ എൻ.ഒ.സിയ്ക്കായി വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്ട് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു റിപ്പോർട്ട് നല്കുകയാണുണ്ടായത്. തുടർന്ന് പ്രസ്തുത തീരുമാനം പുനപരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് RBDCK ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം NOC നൽകുന്നതുമായി ബന്ധപ്പെട്ട് 27.11.2024 ന് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ ഇറിഗേഷൻ |

| | | | |
|---|---|---|---|
| | | | കനാലിന്റെ ഭാഗമായുള്ള കോൺഡ്യൂട്ട് കനാലിന് മുകളിലൂടെ ആയതിന് തകരാർ സംഭവിക്കാത്ത രീതിയിൽ പാലം നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ RBDCKയിൽ നിന്നും 20.02.2025 ൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി NOC ലഭിക്കാത്ത സാഹചര്യത്തിലാണ് പദ്ധതി പ്രവർത്തനം തുടരുവാൻ കഴിയാതെ വന്നിട്ടുള്ളതെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കൊടുവായൂർ ബൈപ്പാസ് നിർമ്മാണം 27.09.2016 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.1324/PWD/2016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി RBDCKയെ നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം RBDCK വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്ക് ശേഷം 09.11.2018 ൽ 38.20 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും ഇറിഗേഷൻ കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് 13.06.2017 ൽ RBDCK യിൽ നിന്നും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി ലഭ്യമായത്. ആയതിനാൽ RBDCKയിൽ നിന്നും പുതുക്കിയ എൻ.ഒ.സിയ്ക്കായി വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്റ്റ് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു റിപ്പോർട്ട് നല്കുകയാണുണ്ടായത്. തുടർന്ന് പ്രസ്തുത തീരുമാനം പുനപരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് RBDCK ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം NOC നൽകുന്നതുമായി ബന്ധപ്പെട്ട് 27.11.2024 ന് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ ഇറിഗേഷൻ കനാലിന്റെ ഭാഗമായുള്ള കോൺഡ്യൂട്ട് കനാലിന് |

| | | | |
|---|---|---|---|
| | | | മുകളിലൂടെ ആയതിന് തകരാർ സംഭവിക്കാത്ത രീതിയിൽ പാലം നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ RBDCKയിൽ നിന്നും 20.02.2025 ൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി NOC ലഭിക്കാത്ത സാഹചര്യത്തിലാണ് പദ്ധതി പ്രവർത്തനം തുടങ്ങുവാൻ കഴിയാതെ വന്നിട്ടുള്ളതെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ RBDCK അറിയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത റോഡിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഇറിഗേഷൻ വകുപ്പിൽ നിന്നും NOC ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി പ്രവർത്തനം തുടങ്ങാൻ സാധിക്കും എന്ന് RBDCK അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ